(സി) 31-3-2004-ലെ കണക്കുപ്രകാരം പലിശ, പിഴപ്പലിശ എന്നീയിനങ്ങളിൽ എന്തുതുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 21-7-1961-ൽ നിലവിൽവന്നശേഷം 31-3-2004 വരെ കെ. എസ്. ഐ. ഡി. സി. വായ്പയായി നൽകിയിട്ടുള്ള ആകെ തുക 539.73 കോടി രൂപയാണ്.

(ബി) 31-3-2004-ലെ കണക്ക് പ്രകാരം പിരിഞ്ഞുകിട്ടാനുള്ള തുക (മുതൽ മാത്രം) 224.51 കോടി രൂപയാണ്.

(സി) പലിശയിനത്തിൽ 262.08 കോടി രൂപയും പിഴപ്പലിശയിൽ 22.79 കോടി രൂപയും ലഭിക്കാനുണ്ട്.

ടൂറിസം വ്യവസായമായി അംഗീകരിക്കുന്നത് സംബന്ധിച്ച്

11 [2138] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ടൂറിസം' വ്യവസായമായി അംഗീകരിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(സി) ടൂറിസം വ്യവസായമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ ടൂറിസം വ്യവസായം ആരംഭിക്കുന്നതിന് കെ. എസ്. ഐ. ഡി. സി-യും വ്യവസായ വകുപ്പിന് കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളും എന്തെല്ലാം വായ്പകളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പലിശ നിരക്കും വായ്പാതുകയും സംബന്ധിച്ച് വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സർക്കാർ ഉത്തരവിന്റെ കോപ്പി അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(സി) ടൂറിസം വ്യവസായം ആരംഭിക്കുന്നതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനമായ കെ. എസ്. ഐ. ഡി. സി.-ൽ നിന്നും ദീർഘകാല വായ്പകളും ബ്രിഡ്ജ് ലോണുകളും നൽകിവരുന്നുണ്ട്. (വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.) †

(ഡി) കെ. എസ്. ഐ. ഡി. സി.-യുടെ പലിശനിരക്ക് പുതിയ പദ്ധതികൾക്ക് 10 ശതമാനം ആണ്. വായ്പ തുക പരമാവധി 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly